**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 14** **07-10-2024 - ൽ മറുപടിയ്ക്ക്**

**കെ-ഫോൺ പദ്ധതിയുടെ പ്രവർത്തന പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. എച്ച്. സലാം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | രാജ്യത്തിനാകെ മാതൃകയായി മാറിയ കെ-ഫോൺ പദ്ധതി അട്ടിമറിക്കാൻ നടത്തിയ ശ്രമത്തിനേറ്റ തിരിച്ചടിയാണ് ഹൈക്കോടതി ഉത്തരവിലൂടെ പുറത്തു വന്നിട്ടുള്ളതെന്ന വിലയിരുത്തൽ സർക്കാർ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ബഹു. പ്രതിപക്ഷ നേതാവ് കെ-ഫോൺ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിൽ, 15-01-2024-ലെ ഇടക്കാല ഉത്തരവിൽ ബഹു. ലോകായുക്തയ്ക്കെതിരായ വസ്തുതാപരമല്ലാത്ത ആരോപണം അനുവദിക്കാനാകില്ലെന്നും ഭാവിയിൽ ഇത്തരം പരാമർശങ്ങൾ ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ ബഹു. പ്രതിപക്ഷ നേതാവ് കൈക്കൊള്ളണമെന്നും പരാമർശിച്ചിരുന്നു.<br><br>കേസിന്റെ 13-09-2024 ലെ അന്തിമ വിധിന്യായത്തിൽ കെ-ഫോൺ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ബഹു. പ്രതിപക്ഷ നേതാവ് ആരോപിച്ച ക്രമക്കേടുകൾ കണ്ടെത്താനാകാത്തതിനാൽ ഹർജി തള്ളുകയാണുണ്ടായത്. പ്രഥമദൃഷ്ട്യാ, കെ-ഫോൺ പദ്ധതി അതിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളുമായി മുന്നോട്ട് പോകുകയാണെന്ന് ബഹു. ഹൈക്കോടതി നിരീക്ഷിക്കുകയും പദ്ധതിയിൽ ഇടപെടാനാകില്ലെന്ന് വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. കെ-ഫോൺ പദ്ധതിയുടെ നടത്തിപ്പിനായി ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന് നാല് വർഷങ്ങൾക്ക് മുൻപ് നൽകിയ ടെൻഡർ ഇപ്പോൾ ചോദ്യം ചെയ്യുന്നത് വളരെ വൈകിയ നടപടിയാണെന്നും ബഹു. ഹൈക്കോടതി ചൂണ്ടിക്കാട്ടി. ഓഡിറ്റ് പാർട്ടിയുടെ നിരീക്ഷണങ്ങളാണ് പരാതിക്കാരൻ കേസിനായി ആശ്രയിച്ചിരുന്നത്. എന്നാൽ, സി.എ.ജി-യുടെ അന്തിമ റിപ്പോർട്ട് തയ്യാറായിട്ടില്ല. അന്തിമ റിപ്പോർട്ടിന്റെ അഭാവത്തിൽ പദ്ധതിയുടെ നടത്തിപ്പിനെ ചോദ്യം ചെയ്യുന്നത് അപക്വമാണെന്നും ബഹു. കോടതി നിരീക്ഷിച്ചു. കൂടാതെ, സി.ബി.ഐ. അന്വേഷണം വേണമെന്ന ആവശ്യവും അംഗീകരിച്ചില്ല. |

| | | | |
|---|---|---|---|
| | | | |
| (ബി) | സാമൂഹ്യ ഉത്തരവാദിത്വത്തോടെയുള്ള ഇടപെടലിന് ബാധ്യസ്ഥരായിട്ടുള്ളവരും മാധ്യമങ്ങളും അവധാനതയോടെയും സൂക്ഷ്മതയോടെയും ഇത്തരം കാര്യങ്ങളെ കാണണമെന്ന മുന്നറിയിപ്പ് പ്രസ്തുത ഉത്തരവിലൂടെ നൽകിയിട്ടുണ്ടോ; | (ബി) | ബഹു. പ്രതിപക്ഷ നേതാവ് കെ-ഫോൺ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിൽ, 15-01-2024-ലെ ഇടക്കാല ഉത്തരവിൽ ബഹു. ലോകായുക്തയ്ക്കെതിരായ വസ്തുതാപരമല്ലാത്ത ആരോപണം അനുവദിക്കാനാകില്ലെന്നും ഭാവിയിൽ ഇത്തരം പരാമർശങ്ങൾ ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ ബഹു. പ്രതിപക്ഷ നേതാവ് കൈക്കൊള്ളണമെന്നും പരാമർശിച്ചിരുന്നു.<br><br>കേസിന്റെ 13-09-2024 ലെ അന്തിമ വിധിന്യായത്തിൽ കെ-ഫോൺ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ബഹു. പ്രതിപക്ഷ നേതാവ് ആരോപിച്ച ക്രമക്കേടുകൾ കണ്ടെത്താനാകാത്തതിനാൽ ഹർജി തള്ളുകയാണുണ്ടായത്. പ്രഥമദൃഷ്ട്യാ, കെ-ഫോൺ പദ്ധതി അതിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളുമായി മുന്നോട്ട് പോകുകയാണെന്ന് ബഹു. ഹൈക്കോടതി നിരീക്ഷിക്കുകയും പദ്ധതിയിൽ ഇടപെടാനാകില്ലെന്ന് വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. കെ-ഫോൺ പദ്ധതിയുടെ നടത്തിപ്പിനായി ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന് നാല് വർഷങ്ങൾക്ക് മുൻപ് നൽകിയ ടെൻഡർ ഇപ്പോൾ ചോദ്യം ചെയ്യുന്നത് വളരെ വൈകിയ നടപടിയാണെന്നും ബഹു. ഹൈക്കോടതി ചൂണ്ടിക്കാട്ടി. ഓഡിറ്റ് പാർട്ടിയുടെ നിരീക്ഷണങ്ങളാണ് പരാതിക്കാരൻ കേസിനായി ആശ്രയിച്ചിരുന്നത്. എന്നാൽ, സി.ഏ.ജി-യുടെ അന്തിമ റിപ്പോർട്ട് തയ്യാറായിട്ടില്ല. അന്തിമ റിപ്പോർട്ടിന്റെ അഭാവത്തിൽ പദ്ധതിയുടെ നടത്തിപ്പിനെ ചോദ്യം ചെയ്യുന്നത് അപക്വമാണെന്നും ബഹു. കോടതി നിരീക്ഷിച്ചു. കൂടാതെ, സി.ബി.ഐ. അന്വേഷണം വേണമെന്ന ആവശ്യവും അംഗീകരിച്ചില്ല. |
| (സി) | കെ-ഫോണിന്റെ നിലവിലെ പ്രവർത്തന പുരോഗതി വിശദമാക്കാമോ? | (സി) | കെ-ഫോൺ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു :-<br><br>i) 7655 കിലോമീറ്റർ ബാക്ക്ബോൺ, 27,386 കി.മീ. എ.ഡി.എസ്.എസ് (All-Dielectric Self Supporting Cable), ആക്സസ് കേബിൾ, ഒ.എഫ്.സി., 375 പോയിന്റ് ഓഫ് പ്രെസെൻസുകൾ, നെറ്റ്‌വർക്ക് ഓപ്പറേറ്റിംഗ് സെന്ററിലെ ഐറ്റി/നോൺ ഐറ്റി സംബന്ധമായ പണികൾ എന്നിവ |

| | | | | |
|---|---|---|---|---|
| | | | | പൂർത്തീകരിച്ചിട്ടുണ്ട്.<br>ii) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 5833 കുടുംബങ്ങളുടെ വീടുകളിൽ കെ-ഫോൺ സേവനം സൗജന്യമായി ലഭ്യമാക്കിയിട്ടുണ്ട്.<br>iii) നിലവിൽ 32,379 വാണിജ്യ കണക്ഷനുകൾ നൽകിയിട്ടുണ്ട്.<br>iv) കെ-ഫോണിന് ഇൻഫ്രാസ്ട്രക്ച്ചർ പ്രൊവൈഡർ (ഐ.പി. 1) സർട്ടിഫിക്കേഷൻ, ഇന്റർനെറ്റ് സർവീസ് പ്രൊവൈഡർ (ഐ.എസ്.പി.-ബി) ലൈസൻസ്, NLD (National Long Distance) ലൈസൻസ് എന്നിവ ലഭ്യമായിട്ടുണ്ട്.<br>v) 29,347 സർക്കാർ ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കുകയും ഇതിൽ 22,537 ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് ലഭ്യത ഉറപ്പ് വരുത്തുകയും ചെയ്തിട്ടുണ്ട്.<br>vi) പൊതുജനങ്ങൾക്ക് കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള നടപടിയുടെ ഭാഗമായി 'എന്റെKFON' (enteKFON) മൊബൈൽ ആപ്ലിക്കേഷനും, 'www.kfon.in' വെബ്സൈറ്റും പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. കണക്ഷൻ ലഭ്യമാക്കുന്നതിനായി പ്രസ്തുത ആപ്ലിക്കേഷൻ അല്ലെങ്കിൽ വെബ്സൈറ്റ് മുഖാന്തിരം അപേക്ഷ നൽകാവുന്നതാണ്. തെരഞ്ഞെടുത്ത ലാസ്റ്റ് മൈൽ നെറ്റ് വർക്ക് പ്രൊവൈഡർമാർ മുഖാന്തിരമാണ് പൊതുജനങ്ങൾക്കുള്ള കണക്ഷൻ നൽകുന്നത്. കെ-ഫോണിന്റെ ലാസ്റ്റ് മൈൽ കണക്റ്റിവിറ്റി നൽകുന്നതിനായി 3435 ലാസ്റ്റ് മൈൽ നെറ്റ്‌വർക്ക് പ്രൊവൈഡർമാരെ (LNP) പദ്ധതിയുടെ ഭാഗമാക്കിയിട്ടുണ്ട്. selfcare.kfon.co.in എന്ന വെബ്സൈറ്റിലൂടെ വിവിധ സർക്കാർ സ്ഥാപനങ്ങൾ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനും ഇല്ലെങ്കിൽ പുതുതായി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും സൗകര്യം ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ